(എഫ്) പദ്ധതിയുടെ പ്രവർത്തനങ്ങൾ 2003 സെപ്റ്റംബറിൽ തുടങ്ങി 2007-2008 ൽ പൂർത്തീകരിക്കുമെന്നാണ് ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചിട്ടുള്ളത്.

(ജി) ലഭ്യമാകേണ്ട തുക നഷ്ടപ്പെടാൻ സാദ്ധ്യത കാണുന്നില്ല.

ജപ്പാൻ കുടിവെള്ള പദ്ധതി

52 [509] ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. പി. മോഹനൻ:
„ സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരം സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചത് എത്ര പദ്ധതികളാണെന്നും ഇതിനെല്ലാം കൂടി എത്ര കോടി രൂപ ചെലവഴിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിക്കാൻ ഉദ്ദേശിച്ച തുക എത്ര വീതമാണെന്നും ഇതിൽ ഓരോ പദ്ധതിക്കും 2005 ഡിസംബർ 31-വരെ ചെലവഴിച്ച തുക എത്രയാണെന്നും പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ;

(സി) ഇതിൽ ഓരോ പദ്ധതിയും എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി അഞ്ച് ശുദ്ധജല വിതരണ പദ്ധതികളാണ് നടപ്പാക്കുന്നത്.

1. തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണം മെച്ചപ്പെടുത്തൽ പദ്ധതി.

2. കൊല്ലം ജില്ലയിലെ മീനാടിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

3. ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

4. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തൽ പദ്ധതി.

5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

എല്ലാ പദ്ധതികൾക്കും കൂടി 1787.45 കോടി രൂപയാണ് അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പദ്ധതിയുടെയും മതിപ്പ് ചെലവും ഇതുവരെ ചെലവാക്കിയ തുകയും താഴെ ചേർത്തിരിക്കുന്നു:

| പദ്ധതി | മതിപ്പ് ചെലവ് (ലക്ഷം രൂപയിൽ) | ചെലവായ തുക (31-5-2005 വരെ) (ലക്ഷം രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 20429 | 8.41 |
| മീനാട് | 16216 | 79.36 |
| ചേർത്തല | 24297 | 130.85 |
| കോഴിക്കോട് | 42840 | 1079.34 |
| പട്ടുവം | 20384 | 430.02 |

ഇതു കൂടാതെ എല്ലാ സ്കീമിനുംകൂടി ചെലവാക്കിയ തുക (കൺസൾട്ടൻസി ചാർജസ്, ഉദ്യോഗസ്ഥരുടെ ശമ്പളം മുതലായവ) 4031.76 ലക്ഷം രൂപ

ആകെ 5759.74 ലക്ഷം രൂപ

(സി) എല്ലാ പദ്ധതികളും 2007-2008 അവസാനം പൂർത്തീകരീക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## എൽ.ഐ.സി. നബാർഡ് എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല പദ്ധതികൾ

53 [510] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയിൽ എൽ.ഐ.സി. ധനസഹായത്തോടെ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനപുരോഗതിയെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) രാമന്തളിയിലെ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവർത്തന പുരോഗതിയെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പടിക്കപ്പാറ ശുദ്ധജല വിതരണ പദ്ധതി ആക്സിലറേറ്റഡ് അർബൻ വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ഡി) മാടായി ഗ്രാമപഞ്ചായത്തിനെക്കൂടി പട്ടുവം ജപ്പാൻ കുടിവെള്ളപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly